**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1229** **10-10-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ നിർമ്മാണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിൽ എത്ര കിലോമീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ തീരദേശ ഹൈവേ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലൂടെയാണ് കടന്ന് പോകുന്നത്. തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുപ്പ് നടപടികളാണ് എല്ലാ ജില്ലകളിലും പുരോഗമിക്കുന്നത്. മലപ്പുറം ജില്ലയിലെ ഒന്നാമത്തെ റീച്ചായ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള സ്ഥലമേറ്റെടുപ്പ് ആവശ്യമില്ലാത്ത 5.76 കി.മീ ഭാഗത്തും മൂന്നാമത്തെ റീച്ചായ മൊഹ്യുദീൻ പള്ളി കെട്ടുങ്കൽ വരെയുള്ള 3.85 കിമീ ഭാഗത്തും റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തീരദേശ ഹൈവേയുടെ അലൈന്മെന്റിൽ വരുന്ന കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലത്തിന്റെ (234 മീറ്റർ) നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികളാണ് നിലവിൽ പുരോഗമിച്ചു വരുന്നത്.<br><br>തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ ചെ. 0+00 മുതൽ ചെ. 4+800 വരെയുള്ള 4.8 കി.മീ നിർമ്മാണം ആർ.ബി.ഡി.സി.കെ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിൽ എത്ര കിലോമീറ്റർ റോഡിന്റെ സർവെ ഇനിയും പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പാലം മുതൽ പന്നിക്കുന്ന് വരെ 56.150 കിലോമീറ്റർ വരുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റ്, സർവേ നടപടികൾ പൂർത്തിയാക്കി തയ്യാറാക്കി യിട്ടുള്ളതാണ്. എന്നാൽ ഈ അലൈൻമെന്റ്, Ch. 39.500 ൽ അവസാനിപ്പിച്ച് നിലവിലെ കെ.എസ്.റ്റി.പി റോഡുമായി ബന്ധിപ്പിക്കുന്നതിനു ഉദുമ മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | | | 2 കി.മീ. ഭാഗം വീണ്ടും സർവ്വേ നടത്തേണ്ടതുണ്ട്. ഇതിനുപുറമെ വലിയപറമ്പ് പഞ്ചായത്തിൽ 4.4 കി.മീറ്ററും, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ 3.5 കി.മീറ്ററും ഭാഗത്ത് അലൈൻമെന്റ് പുതുക്കേണ്ട ആവശ്യം വന്നതിനാൽ ടി ഭാഗങ്ങളിലും പുനർസർവ്വേ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട് |

സെക്ഷൻ ഓഫീസർ